# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 615 — 11.12..2012 ലെ മറുപടിയ്ക്ക്

**ഭാഗ്യക്കുറി വകുപ്പിൽ സമ്മാനം നൽകാനായി വാങ്ങിയ കാറുകൾ**

**ചോദ്യം** — **ഉത്തരം**

ശ്രീ. പി. കെ. ഗുരുദാസൻ — ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| ക്രമ നമ്പർ | ചോദ്യം | മറുപടി |
|---|---|---|
| (എ) | സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ സമ്മാനങ്ങൾ നൽകുന്നതിനായി ഇതിനകം എത്ര കാറുകൾ വാങ്ങുകയുണ്ടായി ; | (എ) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ സമ്മാനങ്ങൾ നൽകുന്നതിനായി ഇതിനകം 96 കാറുകൾ വാങ്ങുകയുണ്ടായി. |
| (ബി) | വിപണിയിലെ വിലയെക്കാൾ കൂടുതൽ വില നൽകി വാഹനം വാങ്ങേണ്ടതായി വന്നിട്ടുണ്ടോ ; വിശദമാക്കാമോ ; | (ബി) വിപണിയിലെ വിലയേക്കാൾ കൂടുതൽ വില നൽകി വാഹനം വാങ്ങേണ്ടതായി വന്നിട്ടില്ല. |
| (സി) | ഇതിനകം വാങ്ങിയ വാഹനങ്ങൾ ഏതെല്ലാം ബ്രാന്റിൽ എത്ര വീതമാണെന്നും ആയതിന് നൽകിയ വില എത്രയാണെന്നും ഈ കാലയളവിലെ വിപണിവില എത്രയായിരുന്നുവെന്നും വിശദമാക്കാമോ ; | (സി) തിരുവോണം ബമ്പർ 2012 ഭാഗ്യക്കുറിക്കായി കരാർ പ്രകാരം 10 ആൾട്ടോ സ്റ്റാൻഡേർഡ് കാർ വാങ്ങിയിട്ടുണ്ട്. ഇൻഷ്വറൻസ്, റോഡ് ടാക്സ്, രജിസ്ട്രേഷൻ ചാർജ്ജ് ഉൾപ്പെടെയുള്ള വിപണി വിലയായ **2,72,762/-രൂപയിൽ** നിന്നും 48,600രൂപ കിഴിച്ച് 2,24,162രൂപയ്ക്കാണ് കമ്പനി കാർ നൽകിയിരുന്നത്. ധനശ്രീ ഭാഗ്യക്കുറിയ്ക്കായി സ്വിഫ്റ്റ് ഡിസയർ കാർ 38 എണ്ണം വാങ്ങിയിട്ടുണ്ട്. കരാറിൽ ഏർപ്പെട്ടപ്പോൾ ഉണ്ടായിരുന്ന വിപണി വിലയായ 6,40,268രൂപയിൽ നിന്നും 7300രൂപ കിഴിവ് നൽകി വകുപ്പിന് 6.32.968 രൂപയ്ക്കാണ് കാർ നൽകുന്നത്. എന്നാൽ കാറിന്റെ വിലയിൽ ഇപ്പോൾ വർദ്ധനവ് വന്നതിനാൽ ഇപ്പോഴത്തെ വിപണി വിലയായ 6,79,050രൂപയിൽ നിന്നും 7300രൂപ കിഴിവ് നൽകി വകുപ്പിന് 6.71,750രൂപയ്ക്കാണ് കാർ നൽകി വരുന്നത്.<br><br>ഭാഗ്യനിധി ഭാഗ്യക്കുറിയ്ക്കായി ഇന്നോവ കാർ 48 എണ്ണം വാങ്ങിയിട്ടുണ്ട്. കരാർ പ്രകാരം വിപണി വിലയായ 10,42,402രൂപയിൽ നിന്നും 2000രൂപ കിഴിവ് നൽകി വകുപ്പിന് 10,40,402രൂപയ്ക്കാണ് കാർ നൽകുന്നത്. എന്നാൽ കാറിന്റെ വിലയിൽ വർദ്ധനവ് വന്നതിനാൽ ഇപ്പോഴത്തെ വിപണി വിലയായ |

| | | |
|---|---|---|
| | | 11,68,096രൂപയിൽ നിന്നും 2000രൂപ കിഴിവ് നൽകി വകുപ്പിന് 11,66,096 രൂപയ്ക്കാണ് കമ്പനി കാർ നൽകി വരുന്നത്. |
| (ഡി) | മാർക്കറ്റ് വിലയെക്കാൾ കുറഞ്ഞ നിരക്കിൽ വാഹനം വാങ്ങാൻ ഏതെല്ലാം കമ്പനികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടായിരുന്നു; കരാറിന് പുറത്ത് വാങ്ങിയ വാഹനങ്ങൾ എത്ര ; കരാർ പ്രകാരം വാങ്ങിയ വാഹനങ്ങൾ എത്ര ? | (ഡി) മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിലാണ് വാഹനം വാങ്ങിയിട്ടുള്ളത്. ഇന്നോവകാർ വാങ്ങുന്നതിനായി നിപ്പോൺ മോട്ടോഴ്സ് കോർപ്പറേഷനുമായും സ്വിഫ്റ്റ് ഡിസയർ ഡീസൽ കാർ വാങ്ങുന്നതിനും, മാരുതി ആൾട്ടോ കാർ വാങ്ങുന്നതിനുമായി ഇൻഡസ് മോട്ടോഴ്സുമായും കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.<br><br>കരാർ പ്രകാരമല്ലാതെ പുറത്തുനിന്ന് വാഹനങ്ങൾ ഒന്നും തന്നെ വാങ്ങിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.